**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ എ.എ./എ.ഒ./ എ.പി.എഫ്.ഒ. തസ്തികയിലെ സ്ഥാനക്കയറ്റം നൽകി - ഉത്തരവാകുന്നു.

==========================================================================

**പൊതുവിദ്യാഭ്യാസ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1969/2018/പൊ.വി. തീയതി, തിരുവനന്തപുരം 28.05.2018

==========================================================================

പരാമർശം:-1) സ.ഉ.(പി) നം.6/2018/പൊവി തീയതി 13.03.2018.

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.04.2018-ലെ ഡി1/19500/2017/ഡിപിഐ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം(2)ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയിൻപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ എ.എ./എ.ഒ./എ.പി.എഫ്.ഒ. കേഡറിലുള്ള താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു :-

കാസർഗോഡ് എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസറുടെ കാര്യാലയത്തിൽ അക്കൗണ്ട്സ് ഓഫീസറായ ശ്രീ.പി.കെ.രഘുനാഥിനെ കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അക്കൗണ്ട്സ് ഓഫീസർ ആയി നിലവിലുള്ള ഒഴിവിലും

ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ അക്കൗണ്ട്സ് ഓഫീസറായ ശ്രീമതി.എ.മായാദേവിയെ കൊല്ലം എസ്.എസ്.എ, ജില്ലാ പ്രോജക്ട് ഓഫീസിൽ അന്യത്ര സേവന വ്യവസ്ഥയിൽ അക്കൗണ്ട്സ് ഓഫീസറായി ശ്രീമതി.വത്സല.വി.കുമാർ *VRS* ൽ പ്രവേശിച്ച ഒഴിവിലും സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

**2.** പരാമർശം (1) ഉത്തരവ് പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെപറയുന്ന ഉദ്യോഗസ്ഥരെ എ.എ./എ.ഒ/എ.പി.എഫ്.ഒ. കേഡറിൽ 40,500-85,000/- രൂപ ശമ്പളനിരക്കിൽ സ്ഥാനക്കയറ്റം നൽകി റഗുലർ വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവാകാവുന്നതാണ്.

1. ശ്രീ.കൃഷ്ണലാൽ.ബി, പി.എ ടു ഡി.ഇ.ഒ, ആലുവ.
2. ശ്രീമതി.മേഴ്സി ജോൺ, സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്), ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം, പാല.
3. ശ്രീ.ബിജി.എസ്.എസ്, സീനിയൽ സൂപ്രണ്ട് (ഹയർ ഗ്രേഡ്), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

**3.** ടി ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ ടിയാരെ താഴെപ്പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ.കൃഷ്ണലാൽ.ബി-യെ അക്കൗണ്ട്സ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ കാസർഗോഡ് *SSA* ജില്ലാ പ്രോജക്ട് ഓഫീസറുടെ കാര്യാലയത്തിൽ ശ്രീ.പി.കെ.രഘുനാഥിനെ സ്ഥലം മാറ്റുന്ന ഒഴിവിലും

ശ്രീമതി.മേഴ്സിജോൺ-നെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിലും

ശ്രീ.ബിജി.എസ്.എസ്-നെ അക്കൗണ്ട്സ് ഓഫീസറായി ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ ശ്രീമതി.എ.മായാദേവിയെ സ്ഥലംമാറ്റുന്ന ഒഴിവിലും നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അജി ഫിലിപ്പ്**

ഗവ.ഡെപ്യൂട്ടി സെക്രട്ടറി

**പുറത്തെഴുത്ത് നമ്പർ ഡി1/19500/2018/ഡി.പി.ഐ**

**പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം, തീയതി: 28.05.2018**

സർക്കാർ ഉത്തരവ് (സാധാ) 1969/2018/പൊ.വി, തീയതി 28.05.2018 ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശത്തോടു കൂടി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടേയും അറിവിലേക്കും അനന്തര നടപടികൾക്കുമായി ഉള്ളടക്കം ചെയ്യുന്നു.

1. എ.എ/എ.ഒ/എ.പി.എഫ്.ഒ തസ്തികയിൽ സ്ഥലംമാറ്റം ഉത്തരവിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ പകരം നിയമിച്ച ഉദ്യോഗസ്ഥനോ ഓഫീസ് മേലധികാരിക്കോ ചുമതല കൈമാറി പുതിയ ലാവണത്തിൽ പ്രവേശിക്കേണ്ടതാണ്.
2. സ്ഥാനക്കയറ്റം ലഭിച്ച പി.എ ടു ഡി.ഇ.ഒ, സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലുള്ള ഉദ്യോഗസ്ഥർ ഓഫീസ് മേലധികാരിക്കോ പകരം നിയമിക്കുന്ന ഉദ്യോഗസ്ഥനോ ചുമതല കൈമാറി പുതിയ ലാവണത്തിൽ പ്രവേശിക്കേണ്ടതാണ്.
3. സ്ഥാനക്കയറ്റം ലഭിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ.ബിജി എസ്.എസ്. ടി കാര്യാലയത്തിലെ തന്നെ സീനിയർ സൂപ്രണ്ട് ശ്രീമതി എ.ഷീല കുമാരിക്കോ പകരം നിയമിക്കുന്ന ഉദ്യോഗസ്ഥനോ ചുമതല കൈമാറി പുതിയ ലാവണത്തിൽ പ്രവേശിക്കേണ്ടതാണ്.

Saratchandran

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
2. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. എക്സിക്യൂട്ടീവ് ഡയറക്ടർ കൈറ്റ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എസ്.എസ്.എ, തിരുവനന്തപുരം